**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും എത്ര കുടിവെള്ള കണക്ഷൻ ഇനി നൽകാനുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രകാരം നാളിതുവരെ (03-08-2023 വരെ) 17.97 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതുൾപ്പെടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 35.47 ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 34.45 ലക്ഷം വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ബാക്കിയുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് 78 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം നേടിയിട്ടുണ്ട്. |
| (സി) | വാമനപുരം മണ്ഡലത്തിലെ ഒമ്പത് പഞ്ചായത്തുകളിലുമായി ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഇതേ വരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനി എത്ര കണക്ഷൻ നൽകാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ? | (സി) | വാമനപുരം മണ്ഡലത്തിലെ ഒമ്പത് പഞ്ചായത്തുകളിലുമായി ജലജീവൻ മിഷൻ പദ്ധതി പ്രകാരം 29613 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനി 32269 കണക്ഷനുകൾ കൂടി നൽകാനുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം.1**

| ജില്ല | ആകെ ഗ്രാമീണ വീടുകൾ | ഇതുവരെ നൽകിയ കണക്ഷനുകൾ | ബാക്കി നൽകുവാനുള്ള കണക്ഷനുകൾ |
|---|---|---|---|
| തിരുവനന്തപുരം | 661107 | 237073 | 257222 |
| കൊല്ലം | 611754 | 264695 | 199280 |
| പത്തനംതിട്ട | 357519 | 57189 | 215100 |
| കോട്ടയം | 471910 | 97839 | 264127 |
| ആലപ്പുഴ | 546547 | 151273 | 199821 |
| ഇടുക്കി | 279634 | 36059 | 185384 |
| എറണാകുളം | 616922 | 126235 | 225296 |
| തൃശ്ശൂർ | 600633 | 116744 | 305260 |
| പാലക്കാട് | 654129 | 201358 | 303884 |
| മലപ്പുറം | 797512 | 199705 | 454231 |
| കോഴിക്കോട് | 514666 | 107357 | 321037 |
| വയനാട് | 191308 | 21653 | 126816 |
| കണ്ണൂർ | 435374 | 148356 | 206595 |
| കാസർഗോഡ് | 253522 | 32377 | 181004 |
| | **6992537** | **1797913** | **3445057** |

**അനുബന്ധം.2**

| **പഞ്ചായത്ത്** | **ഇതുവരെ നൽകിയ കണക്ഷനുകൾ** | **ഇനി നൽകുവാനുള്ള കണക്ഷനുകൾ** |
|---|---|---|
| ആനാട് | 1619 | 6795 |
| കല്ലറ | 4216 | 1342 |
| നന്നിയോട് | 1631 | 6645 |
| നെല്ലനാട് | 3509 | 1413 |
| പനവൂർ | 4699 | 1354 |
| പാങ്ങോട് | 5907 | 2838 |
| പെരിങ്ങമ്മല | 943 | 5584 |
| പുല്ലംപാറ | 4594 | 1405 |
| വാമനാപുരം | 2495 | 4893 |
| **ആകെ** | **29613** | **32269** |